നം.DDDKER/3936/2026 - D3

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in

തീയതി:01-10-2026

**സർക്കുലർ നം.52/2026**

വിഷയം:- ക്ഷീര വികസന വകുപ്പ് – – വാർഷിക പദ്ധതി 2026-27 മിൽക്ക്ഷെഡ് വികസന പദ്ധതി - വുമൺ ക്യാറ്റിൽ കെയർ വർക്കർമാരെ നിയോഗിക്കുന്നത് . സംബന്ധിച്ച്

സൂചന :- 1) ക്ഷീരവികസന വകുപ്പ് വാർഷിക പദ്ധതി 2026-27

2) G O (Rt) No: 92/2026/DD DTD 25.09.2026

3) അംഗീകരിച്ച വിശദമായ പദ്ധതി രേഖ (മിൽക്ക് ഷെഡ് വികസന പദ്ധതി 2026-27)

മിൽക്ക് ഷെഡ് വികസന പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് യൂണിറ്റിലെ ഉദ്യോഗസ്ഥരെ ഫീൽഡ് തലത്തിൽ സഹായിക്കുന്നതിനായി വുമൺ ക്യാറ്റിൽ കെയർ വർക്കർമാരെ സംസ്ഥാനത്തെ 162 ക്ഷീരവികസനയൂണിറ്റുകളിലും നിയോഗിക്കുന്നതിനുള്ള നടപടികൾ താഴെ കാണിച്ചിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി സ്വീകരിക്കേണ്ടതാണ്. കൂടാതെ, മിൽക്ക് ഷെഡ് വികസന പദ്ധതിയുടെ ആദ്യം മുതൽ അവസാനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളിലും വുമൺ ക്യാറ്റിൽ കെയർ വർക്കർമാരുടെ സേവനം ഉറപ്പാക്കേണ്ടതാണ്.

1. പ്രസ്തുത അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള പ്രചരണം ജില്ലാതലത്തിൽ നടത്തേണ്ടതും ആയതിന്റെ നോട്ടീസ് ബന്ധപ്പെട്ട ക്ഷീരവികസനയൂണിറ്റ് ഓഫീസ്, ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, ക്ഷീരസംഘങ്ങൾ എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കുകയും അപേക്ഷകൾ യൂണിറ്റ് ഓഫീസുകളിൽ സ്വീകരിക്കുകയും വേണം.
2. നിശ്ചിത അപേക്ഷകൾ അനുബന്ധരേഖകളോടൊപ്പം 12.10.2026 വരെ സ്വീകരിക്കേണ്ടതാണ്.
3. വനിതകളെ മാത്രമേ അപേക്ഷകരായി പരിഗണിക്കുകയുള്ളൂ.
4. അപേക്ഷാ ഫോറത്തിൽ പാസ്സ്പോർട്ട് സൈസ് ഫോട്ടോ പതിക്കേണ്ടതാണ്.
5. പ്രായപരിധി 18-45 വയസ്സ് ആയിരിക്കും.(as on 01.01.2026). പ്രവർത്തി പരിചയം ഉള്ളവർക്ക് 5 വർഷത്തെ വയസ്സിളവ് അനുവദിക്കുന്നതാണ്.
6. വിദ്യാഭ്യാസയോഗ്യത ചുരിങ്ങിയത് SSLC ആയിരിക്കണം.
7. വുമൺ ക്യാറ്റിൽ കെയർ വർക്കർമാരായി നിയോഗിക്കുന്ന തീയതി മുതൽ 2026-27 സാമ്പത്തിക വർഷത്തിലെ പരമാവധി 10 മാസ കാലയളവിലേയ്ക്ക് പ്രതിമാസം ഇൻസെന്റീവായി 8,000/-രൂപ നൽകുന്നതായിരിക്കും.
8. കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവർക്ക് മുൻഗണന നൽകേണ്ടതാണ്.
9. അതത് ക്ഷീരവികസന യൂണിറ്റ് പരിധിയിൽ താമസിക്കുന്നവർക്ക് മാത്രമേ ടി യൂണിറ്റിലേയ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളൂ.

10. ക്ഷീരവികസന യൂണിറ്റിന്റെ പരിധിയിൽ ഉൾപ്പെടുന്ന ക്ഷീര സംഘങ്ങളിൽ അംഗമായ വനിതകൾക്കായിരിക്കും അവസരം.
11. യൂണിറ്റ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ ക്ഷീരവികസന ഓഫീസറുടെ ശുപാർശ സഹിതം 14.10.2026 നകം ജില്ല ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
12. ജില്ല ഡെപ്യൂട്ടി ഡയറക്ടർ, ടെക്നിക്കൽ അസിസ്റ്റന്റ്, ബന്ധപ്പെട്ട ബ്ലോക്കിലെ ക്ഷീരവികസന ഓഫീസർ എന്നിവരടങ്ങിയ സെലക്ഷൻ കമ്മിറ്റി ഉദ്യോഗാർത്ഥികളുടെ ഇന്റർവ്യൂ 17.10.2026 -ന് മുമ്പായി നടത്തേണ്ടതും റാങ്ക് ലിസ്റ്റ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.
13. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 2 ദിവസത്തെ പരിശീലനം ക്ഷീരപരിശീലനകേന്ദ്രം പ്രിൻസിപ്പാളുമായി ബന്ധപ്പെട്ട് പരിശീലന കേന്ദ്രത്തിൽ സംഘടിപ്പിക്കുന്നതിന് ഡെപ്യൂട്ടി ഡയറക്ടർമാർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

Digitally signed by Salini Gopinath
Date: 01-10-2026 19:35:53

**ഡയറക്ടർ**

**എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും**

ഉള്ളടക്കം : അപേക്ഷ ഫാറം

പകർപ്പ്:- : 1) ജോയിൻറ് ഡയറക്ടർ (ജനറൽ / പ്ലാനിംഗ് / SDL)

2) ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ / പ്ലാനിംഗ് / എക്സ്റ്റൻഷൻ / ഇ-ഗവ: & ഐ.റ്റി)

3) എല്ലാ ക്ഷീരപരിശീലനകേന്ദ്രം പ്രിൻസിപ്പാൾമാർക്കും (പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിന്)

4) എല്ലാ അസി. ഡയറക്ടർമാർക്കും (ഉചിത മാർഗ്ഗേന)

5) എല്ലാ ഓഫീസ് മേധാവികൾക്കും – RDL & SFF (ഉചിത മാർഗ്ഗേന)

6) എല്ലാ ക്ഷീരവികസന ഓഫീസർമാർക്കും (ഉചിത മാർഗ്ഗേന)

7) പ്രോജക്ട് സെൽ / ടെക്കനിക്കൽ സെൽ / ഐ.റ്റി സെൽ

8) ശേഖര സഞ്ചയം

9) സഞ്ചയം